ക്കാരായി, കാരുണ്യത്തിന്റെ പാദരക്ഷധരിച്ച് നമുക്ക് സുവിശേഷത്തിന്റെ ഉത്തമസാക്ഷികളാകാം. മുന്നോട്ടുള്ള നമ്മുടെ പ്രയാണത്തിൽ പരിശുദ്ധ ദൈവമാതാവിന്റെയും മാർതോമ്മാ ശ്ലീഹായുടെയും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെയും മാദ്ധ്യസ്ഥം നമുക്ക് അപേക്ഷിക്കാം.

ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

+ Mar Theodosius

മൂവാറ്റുപുഴ അരമന ✠ യൂഹാനോൻ മാർ തെയഡോഷ്യസ്
28.08.2019 മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലിത്താ

---

**NB.** ഈ സർക്കുലർ വരുന്ന ഞായറാഴ്ച, നമ്മുടെ എല്ലാ പള്ളികളിലും, ആശ്രമങ്ങളിലും, മഠങ്ങളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.



# The Syro-Malankara Catholic Church
# EPARCHY OF MUVATTUPUZHA

**✠Yoohanon Mar Theodosius**
**Metropolitan of Muvattupuzha**

**Catholic Bishop's House**
**Vazhappilly, Mudavoor P.O,**
**Muvattupuzha - 686 669.**

Prot. No. CL 03/2019

**സർക്കുലർ**

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, ശെമ്മാശൻമാരേ, പ്രിയ വിശ്വാസികളേ,

പരിശുദ്ധ ദൈവമാതാവിന്റെ ജനനത്തിത്തിരുന്നാളിന്റെ ഒരുക്കമെന്നവണ്ണം സെപ്റ്റംബർ 1 മുതൽ നാം എട്ടുനോമ്പിലേക്ക് പ്രവേശിക്കുകയാണല്ലോ. പൗരസ്ത്യ സഭാ പാരമ്പര്യത്തിൽ വിശ്വാസികൾ നെഞ്ചോടു ചേർത്ത്, ഭക്ത്യാദരവോടെ ആചരിക്കുന്ന ഒരു നോമ്പാണിത്. മദ്ധ്യകേരളത്തിൽ വിശിഷ്യാ നമ്മുടെ ഭദ്രാസനം സ്ഥിതിചെയ്യുന്ന ഭൂപ്രദേശങ്ങളിൽ എട്ടുനോമ്പിന് അതീവ പ്രാധാന്യമുണ്ട്. മൂവാറ്റുപുഴ ഭദ്രാസനത്തെ സംബന്ധിച്ച് സ്വർഗ്ഗീയ മദ്ധ്യസ്ഥയെന്ന നിലയിൽ പരിശുദ്ധ അമ്മയുടെ പിറന്നാൾ വലിയ സന്തോഷത്തിന്റെ ഒരു അവസരം കൂടിയാണ്. വിശുദ്ധ ഇരണ്യേവൂസ് പുണ്യവാന്റെ വാക്കുകളിൽ ''പരിശുദ്ധ മറിയത്തെ കൂടാതെയുള്ള രക്ഷയുടെ ചരിത്രം അപൂർണ്ണമത്രേ''. പ്രശസ്ത ആംഗ്ലേയ സാഹിത്യകാരനായ വേഡ്സ്വർത്തിന്റെ ഭാവനയിൽ ''മറിയം നക്ഷത്രങ്ങളിലെ പൂർണ്ണനക്ഷത്രമാണ്''. വരപ്രസാദത്തിന്റെ മദ്ധ്യസ്ഥയായ പരിശുദ്ധ മറിയം നമ്മെയും, നമ്മുടെ കുടുംബങ്ങളേയും, ഭദ്രാസനത്തേയും പ്രസാദവരത്താൽ നിറക്കട്ടെ.

2019 ഒക്ടോബർ 8, 9, 10 തീയതികളിൽ നമ്മുടെ സഭയുടെ ആസ്ഥാന കാര്യാലയത്തുവച്ച് നടത്തുവാൻ പോകുന്ന ദ്വിതീയ സഭാ അസംബ്ലിയുടെ മുന്നൊരുക്കമായി നമ്മുടെ ഭദ്രാസനത്തിൽ വിവിധ തലങ്ങളിൽ ''കൃപ നിറയുന്ന കുടുംബങ്ങൾ'' എന്ന വിഷയത്തെ ആസ്പദമാക്കി പഠന ശിബിരങ്ങളും, ചർച്ചകളും നടക്കുകയുണ്ടായി. അതേ തുടർന്ന്, കഴിഞ്ഞ

ജൂലൈ 26, 27 തീയതികളിൽ പീച്ചി ദർശനാ പാസ്റ്ററൽ സെന്ററിൽ വച്ച് ഭദ്രാസന അസംബ്ലി അനുഗ്രഹകരമായി നടന്നു. അല്മായർ, സന്യസ്തർ, വൈദികർ ഉൾപ്പെടെ 118 പ്രതിനിധികൾ ഇതിൽ പങ്കെടുത്തു. അർത്ഥപൂർണ്ണ മായ ക്ലാസ്സുകളും ചർച്ചകളും പങ്കുവയ്ക്കലുകളും സമ്മേളനത്തെ കൂടുതൽ ഫലപ്രദമാക്കി. തിരുവചനരഹസ്യത്തിൽ നമ്മുടെ കുടുബങ്ങൾ കൃപയുടെ നീർച്ചാലുകളാകണമെന്ന ദർശനം അടിസ്ഥാന ചിന്തയായി രൂപപ്പെട്ടു.

നമ്മുടെ ഭദ്രാസനത്തിലെ ബഹു. വൈദികരുടെ സ്ഥലം മാറ്റം, വിവിധ ശുശ്രൂഷകളിലേക്കുള്ള പുതിയ നിയമനങ്ങൾ ഇതിനോ ടകം പൂർത്തിയായി. ഭദ്രാസനത്തിന്റെ പുതിയ വികാരി ജനറാളായി വന്ദ്യ ചെറിയാൻ ചെന്നിക്കരയച്ചൻ നിയമിതനായി. ബഹു. അച്ചന്റെ നമ്മുടെ ഭദ്രാസനത്തിലും, വിദേശത്തുമുള്ള അജപാലന ശുശ്രൂഷകളും പരിചയസമ്പത്തും ഈ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ബഹു. അച്ചനെ സഹായിക്കും. അച്ചന്റെ ശുശ്രൂഷകളെ പ്രാർത്ഥനയും ആത്മാർത്ഥ മായ സഹകരണവും നൽകി നമുക്കു ബലപ്പെടുത്താം.

അതുപോലെ, ഭദ്രാസനത്തിന്റെ വികാരി ജനറാളായി നിസ്തുല മായ ശുശ്രൂഷ നിർവ്വഹിച്ച് ആരോഗ്യപരമായ കാരണങ്ങളാൽ ഇപ്പോൾ വിശ്രമജീവിതത്തിലേക്കു പ്രവേശിച്ച ബഹുമാനപ്പെട്ട വർഗ്ഗീസ് കുന്നുംപുറ ത്തച്ചന് ഹൃദയം നിറഞ്ഞ നന്ദി. പ്രാർത്ഥനയുടെ ശക്തമായ പിൻബലം നൽകി നമുക്ക് അച്ചനോടൊപ്പമായിരിക്കാം. ഇടവകകളിലും, വിവിധ ശു ശ്രൂഷാ മേഖലകളിലും, ഈ കഴിഞ്ഞ കാലയളവിൽ സമർപ്പണ ശുശ്രൂഷ ചെയ്ത എല്ലാ വൈദികരേയും, സന്യസ്തരേയും, പ്രേഷിതരേയും നന്ദി യോടെ ദൈവസിധിയിൽ സമർപ്പിക്കുന്നു.

മൂവാറ്റുപുഴ ഭദ്രാസനത്തിലെ പുതിയ വൈദിക, അജപാലന സമി തികളും ഇതര ഭരണസമിതികളും സെപ്റ്റംബർ മാസത്തോടെ നിലവിൽ വരുന്നതാണ്. പുതിയവ നിലവിൽ വരുന്നതോടെ നിലവിലുള്ള എല്ലാ സമിതികളും അതിനാൽ തന്നെ ഇല്ലാതാകും. എല്ലാ നിയമനങ്ങളുടേയും, സമിതികളുടേയും വിശദവിവരം സെപ്റ്റംബർ മാസത്തിലെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഓരോരുത്തരും തങ്ങൾക്കു ഭരമേല്പിക്ക പ്പെട്ടിട്ടുള്ള സഭാശുശ്രൂഷകൾ വിനയത്തോടും, വിശ്വസ്തതയോടും, വിവേ കത്തോടും നിർവ്വഹിക്കുവാൻ ഏവരേയും ഞാൻ ഉദ്ബോധിപ്പിക്കുന്നു.

നവാഭിഷിക്തരായ പിതാക്കന്മാർക്കുവേണ്ടി എല്ലാ വർഷവും പരി ശുദ്ധ പിതാവ് റോമിൽ ഒരു പ്രത്യേക പരിശീലനം നൽകുന്ന പതിവുണ്ട്. ഇപ്രാവശ്യം പ്രസ്തുത പരിശീലനം സെപ്റ്റംബർ 3 മുതൽ 12 വരെയാണ്.



അതിൽ സംബന്ധിക്കുതിന് എനിക്ക് പോകേണ്ടതുണ്ട്.

ഇത്തവണ മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ 89-ാം പുന രൈക്യവാർഷികവും സഭാസംഗമവും, ബഥനി സന്യാസ സമൂഹത്തിന്റെ ശതാബ്ദി പ്രമാണിച്ച്, സെപ്റ്റംബർ 18, 19, 20 തീയതികളിൽ കോട്ടയം ഗിരിദീപത്തിൽ വച്ചു നടക്കുന്നതാണ്. സാന്നിദ്ധ്യം കൊണ്ടും, പ്രാർത്ഥന കൊണ്ടും നമുക്ക് ഈ സഭാസംഗമത്തെ വിജയകരമാക്കാം.

സെപ്റ്റംബർ 21 മുതൽ 29 വരെ, വിശുദ്ധ പത്രോസിന്റെ പിൻ ഗാമിയായ പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പായുടെ ക്ഷണമനുസരിച്ച്, മല ങ്കര സുറിയാനി കാതോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവായോ ടൊപ്പം, നമ്മുടെ സഭയിലെ എല്ലാ പിതാക്കന്മാരും, ഒരു സഭയായി പരി ശുദ്ധ പിതാവിനെ സന്ദർശിക്കുകയാണ്. അഞ്ചു വർഷം കൂടുമ്പോൾ ന ടത്തുന്ന ഇപ്രകാരമുള്ള സന്ദർശനം സഭയുടെ നൈയാമികമായ ഒരു സംവിധാനമാണ് *(Ad limina)*. ഇത്തരുണത്തിൽ നമ്മുടെ ഭദ്രാസനത്തെ കുറിച്ചുള്ള ഒരു സംക്ഷിപ്ത റിപ്പോർട്ട് പരിശുദ്ധ പിതാവിന്റെ മുമ്പിൽ സമർപ്പിക്കുകയും വേണം. ഇക്കാര്യങ്ങളിലെല്ലാം എല്ലാവരുടേയും പ്രാർ ത്ഥന എനിക്കാവശ്യമാണ്. എന്റെ അസാന്നിധ്യത്തിൽ ഭദ്രാസനത്തിന്റെ ഭരണ ചുമതല നിർവ്വഹിക്കുന്നത് വന്ദ്യ വികാരി ജനറാൾ അച്ചനായിരിക്കും.

നമ്മുടെ ഭദ്രാസന ദൈവാലയത്തിൽ നടന്നുകൊണ്ടിരുന്ന ദൈനം ദിനമുള്ള ദിവ്യകാരുണ്യ ആരാധന സെപ്റ്റംബർ മാസം അവസാനത്തോ ടെ പുനരാരംഭിക്കുന്നതാണ്.

പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന വൈദിക-അജപാലന സമിതി കളുടെ പ്രഥമ സമ്മേളനവും, സത്യപ്രതിജ്ഞയും 2019 സെപ്റ്റംബർ 16 (തി ങ്കൾ) 2.30 pm ന് ഭദ്രാസന കാര്യാലയത്തിൽ വച്ച് നടത്തുന്ന വിവരം മുൻകൂട്ടി ഏവരെയും അറിയിക്കുന്നു. പ്രവർത്തി ദിനമായതിനാൽ അവധി എടു ക്കേണ്ടവർ മുൻകൂട്ടി അതിനുള്ള ക്രമീകരണം നടത്തണമെന്ന് ഓർമ്മിപ്പി ക്കുന്നു.

പ്രിയമുള്ളവരെ, തിരുവചനത്തിന്റെ പിൻബലത്തിൽ നമ്മുടെ ഭദ്രാസനം കൂടുതൽ ശക്തിപ്രാപിക്കേണ്ടിയിരിക്കുന്നു. നമ്മുടെ കുടും ബങ്ങളിൽ കൃപ നിറയുമ്പോൾ നമ്മുടെ ഇടവകകൾ ആത്മീയ ചൈതന്യത്തിന്റെ സാക്ഷ്യ കൂടാരങ്ങളാകും. നമ്മുടെ വൈദികർ ആത്മ സമർപ്പണത്തിലും കൂട്ടായ്മയിലും മുന്നേറുമ്പോൾ നമ്മുടെ ഭദ്രാസനം ആത്മീയമായും ഭൗതീകമായും സമ്പന്നമാകും. പരസ്പരം കാവൽ